# പതിമൂന്നാം കേരള നിയമസഭ

എട്ടാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2749 02.04.2013ൽ മറുപടിയ്ക്ക്

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചു പൂട്ടുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ | | ശ്രീ. പി.കെ അബ്ദു റബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നിലവാരം കുറഞ്ഞ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടുന്ന കാര്യം പരിഗണിക്കാൻ ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ നിലവാരം കുറഞ്ഞ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടുന്ന കാര്യം പരിഗണിക്കേണ്ട താണെന്ന് ബഹു. ഹൈക്കോടതി നിരീക്ഷിക്കുക യുണ്ടായി. |
| (ബി) | ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ? | (ബി) | കോടതിയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ന്യൂനതകൾ കണ്ടെത്തിയ കോളേജ് മാനേജ്മെന്റുകളെ ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചുവരുത്തി ചർച്ച നടത്തുകയും അപാകതകൾ എത്രയും വേഗം പരിഹരിച്ച് സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശിക്കുകയും അല്ലാത്തപക്ഷം അത്തരം കോളേജുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്ന താണെന്ന് താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. |

അത്തരം കോളേജുകൾ ക്കെതിരെ ബന്ധപ്പെട്ട സർവ്വകലാശാലകളുടെ ചട്ടങ്ങളിൽ അനുശാസിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. 2015-16 അദ്ധ്യയന വർഷം മുതൽ 4, 6, 8 സെമസ്റ്ററുകളിൽ യഥാക്രമം 25%, 30%, 35% വിജയം ഇല്ലാത്ത സ്വാശ്രയ കോളേജുകളിൽ കോഴ്സുകൾക്ക് തുടർ അനുവാദം നൽകുന്നതല്ല.

സെക്ഷൻ ഓഫീസർ